# Luke 1:57-66

ദാമ്പത്യ ബന്ധത്തിൽ ഫലരഹിതരായിരുന്ന രണ്ട് ദമ്പതികളുടെ ജീവിതത്തെ ദൈവിക ഇടപെടലുകൾ ഫലം പുറപ്പെടുവിക്കുന്ന രക്ഷാകര സംഭവമാണ് പഴയ നിയമ വായനകൾ നമുക്ക് വിവരിച്ചു തരുന്നത്. മക്കളില്ലാതിരുന്ന അബ്രഹാത്തിന്റെയും സാറായുടെയും ജീവിതത്തിൽ അവർ സമർപ്പിച്ച തങ്ങളുടെ ചെറു കാഴ്ചകൾ സ്വീകരിച്ച് കടന്നുവന്ന കർത്താവിന്റെ ദൂതൻ അവർക്ക് മക്കൾ ജനിക്കുമെന്ന സുവിശേഷം പകരുന്നു. മനോവയുടെ വന്ധ്യയായ ഭാര്യയിൽ സാംസൺ ജനിക്കുമെന്ന സദ്വാർത്തയോടൊപ്പം ജനിക്കാനിരിക്കുന്ന പുത്രന് വേണ്ടി ഒരുങ്ങുവാൻ അവരോട് നിഷ്കർഷിക്കുകയും ചെയ്യുന്ന കർത്താവിന്റെ ദൂതനെ രണ്ടാം വായന അവതരിപ്പിക്കുന്നു.

അബ്രഹാം തന്റെ കൂടാര വാതിക്കൽ ഇരിക്കുന്നു. ഒരുപക്ഷെ തന്റെ ഫലരഹിതമായ ദാമ്പത്യ ജീവിതം തലയുയർത്തി നിൽക്കാനുള്ള സാധ്യത ഇല്ലാതാക്കി. അതിനാലാവണം അവൻ തലയുയർത്തി നോക്കിയപ്പോൾ കണ്ടു എന്ന് സൂചിപ്പിച്ചിരിക്കുന്നത്. തല ഉയർത്തിനോക്കിയപ്പോൾ മൂന്നാളുകളെ കണ്ടു. അവരെ ചിലയിടങ്ങളിൽ കർത്താവ് എന്ന ഏകവചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നു (18/0, 13, 17-18). അവർ പരിശുദ്ധ സ്ത്രീത്വത്തിന്റെ പ്രതീകമാണ്. മനുഷ്യൻ ഭൂമിയിൽ നിന്നും, ഭൗമീകമായവയിൽ നിന്നും അവന്റെ സന്തോഷത്തിലും സന്താപത്തിലും ഒന്നുപോലെ ഉന്നതങ്ങളിലേക്ക് ഉയരുമ്പോൾ, കണ്ണുകൾ ഉയർത്തുമ്പോൾ ദൈവത്തെ ദർശിക്കുന്നു. താൻ ദർശിച്ച കർത്താവിന്റെ മുമ്പിൽ അബ്രഹാം നിലംപറ്റെ താണുവണങ്ങി. അവൻ സാഷ്ടാംഗം പ്രണമിച്ചു. തന്റെ ജീവിതം മുഴുവൻ സമർപ്പിച്ചു. അതിന്റെ പ്രതീകമായി അവർക്ക് തന്റെ അദ്ധ്വാനഫലം ഭക്ഷണപാനീയങ്ങളായി പങ്കുവച്ചു. അത് സ്വീകരിച്ച കർത്താവ് അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റി മറിച്ച പുത്രലബ്ധിയെക്കുറിച്ചുള്ള വാർത്ത അറിയിച്ചു. അബ്രഹാത്തെപോലെ ഉന്നതങ്ങളിൽ ദൃഷ്ടികൾ ഉറപ്പിച്ച് കർത്താവിന്റെ മുമ്പിൽ പൂർണ്ണമായി അർപ്പിക്കുന്നവർ, സമർപ്പണത്തിൽ ഏറ്റവും ഉന്നത വേദിയായ വി. കുർബാനയിൽ

ത്യാഗപൂർണ്ണമായി പങ്കുചേരുമ്പോൾ ദൈവദർശനം പ്രാപിക്കുകയും ജീവിതത്തിലെ സുവിശേഷം ശ്രദ്ധിക്കാനിടയാവുകയും ചെയ്യും.

ദൈവാനുഗ്രഹത്തിന്റെ സദ്ഫലങ്ങൾ ലഭിച്ചു കഴിഞ്ഞാൽ അത് വളർത്തുവാൽ നാം ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. മനോവയുടെ ഭാര്യയോട് കർത്താവ് പറയുന്നു: നീ പുത്രനെ പ്രസവിക്കും, അതുകൊണ്ട് നീ സൂക്ഷിക്കണം. ലഹരി ഉപയോഗിക്കരുത്, അശുദ്ധമായത് ഭക്ഷിക്കരുത്. ദൈവത്തിന്റെ ആത്മാവ് കൂദാശകളിലൂടെ നമുക്ക് കൃപയായി നൽകപ്പെടും. ആത്മാവിന്റെ ഫലങ്ങൾ നമ്മിൽ വളർന്നു സമൂഹത്തിലവതരിക്കുവാൻ നാം ലോക ലഹരിയിൽ നിന്നും അശുദ്ധിയിൽ നിന്നും അകന്നിരിക്കണം. അപ്പോഴാണ് എഫേസൂനിലെ സഭക്കുള്ള കത്തിൽ നിന്നും നാം വായിച്ചു കേട്ടതുപോലെ "അവിടുന്ന് തന്റെ ആത്മാവിലൂടെ നമ്മുടെ ആന്തരീക മനുഷ്യനെ ശക്തിപ്പെടുത്തുകയും മിശിഹാ നമ്മുടെ ഹൃദയത്തിൽ വസിക്കുവാനും സ്നേഹത്തിൻ വേരുപാകി അടിയുറക്കാനുമുള്ള" പൌലോസിന്റെ പ്രർത്ഥന (എഫേ 3/16-17) ഫലമണിയുക.

സുവിശേഷം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത് വന്ധ്യ എന്നു വിളിക്കപ്പെട്ടിരുന്ന എലിസബത്തിൽ നിന്നും കർത്താവിന് വഴിയൊരുക്കുവാനുള്ള സ്നാപക യോഹന്നാൻ ജനിക്കുന്ന വാർത്തയാണ്. പഴയ നിയമ വായനകളുടെ തുടർച്ചയാണ് നാമിവിടെ കാണുക. നീതി നിഷ്ഠരായി കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിച്ചിരുന്നവരുമായ (ലൂക്കാ 1/6) സക്കറിയാക്കും എലിസബത്തിനും മകനെ ലഭിക്കുന്നത് "കർത്താവ് അവരോട് കാണിച്ച വലിയ കാരുണ്യത്തിന്റെ ഫലമാണ്. ഈ വചന ഭാഗങ്ങളിലെല്ലാം നാം കാണുന്നത് ദൈവീക ലഭിക്കുന്നതിന് ഈ ദമ്പതികളുടെയെല്ലാം ജീവിത വിശുദ്ധി കാരണമായി തീരുന്നു എന്നാണ്.

യോഹന്നാന്റെ ജനനത്തിൽ അയൽക്കാരും ബന്ധുക്കളും സന്തോഷിക്കുകയും അതിൽ ദൈവത്തിന്റെ കാരുണ്യം ദർശിക്കുകയും ചെയ്തു. സമൂഹത്തിന് കുടുംബങ്ങളോടുള്ള ബന്ധത്തെ ഇതു വ്യക്തമാക്കുന്നു. ഇന്നു കേരളത്തിൽ കുഞ്ഞുങ്ങൾ ജനിക്കാതിരിക്കുന്നതിനുള്ള നിയമ

നിർമ്മാണത്തിനായി ന്യായാധിപന്മാർ ശ്രമിക്കുന്നു. കുഞ്ഞുങ്ങൾ ജനിച്ചാൽ തങ്ങൾ അനുഭവിക്കുന്ന സൌകര്യങ്ങൾ അവരുമായി പങ്കുവയ്ക്കേണ്ടി വരുമെന്ന ഭയം ജനസംഖ്യാ നിയന്ത്രണത്തിന് പ്രേരിപ്പിക്കുന്നു.

ഇവിടെ നാം കാണുന്ന മറ്റൊരു അത്ഭുതം വചനമാകുന്ന ഈശോയ്ക്ക് വഴിയൊരുക്കുന്ന ശബ്ദമായിത്തീരുവാനുള്ള യോഹന്നാന്റെ ജനനത്തിൽ അവന്റെ പിതാവിനു നഷ്ടപ്പെട്ട ശബ്ദം തിരികെ ലഭിക്കുന്നു എന്നതാണ്. ദൈവ വചനത്തെ അവിശ്വസിച്ചപ്പോൾ നഷ്ടപ്പെട്ട സംസാരശേഷി ദൈവവചനം പൂർത്തിയായപ്പോൾ തിരികെ ലഭിച്ചു. സക്കറിയാ ദൈവകാരുണ്യത്തിലുള്ള വിശ്വാസത്തിൽ മൌനിയായിരുന്ന് വളർന്നു. അയാളുടെ സംസാരശേഷി തിരികെ നല്കിക്കൊണ്ട് ദൈവം അയാളുടെ വിശ്വാസത്തെ അംഗീകരിച്ചു.

യോഹന്നാൻ എന്ന പേരിന്റെ അർത്ഥം ദൈവം കാരുണ്യം കാണിച്ചു എന്നതാണ്. യോഹന്നാന്റെ ജനന പശ്ചാത്തലം അതു വ്യക്തമാക്കുന്നു. മക്കളില്ലാതിരുന്ന അവർക്ക് ജനിച്ച യോഹന്നാൻ അവർക്ക് ദൈവത്തിന്റെ കാരുണ്യത്തിന്റെ അടയാളമാണ്. അവിശ്വാസിയായ സക്കറിയായെ വിശ്വാസത്തിലേയ്ക്ക് ആഴപ്പെടുത്തുവാൻ യോഹന്നാന്റെ ജനനത്തോടനുബന്ധിച്ച് ദൈവം നല്കിയ അടയാളങ്ങളും മനുഷ്യനെ തന്റെ വിശ്വാസത്തിലാഴപ്പെടുത്തുവാൻ ദൈവം കാട്ടുന്ന കരുണയുടെ പ്രകാശമാണ്. രക്ഷകനു വഴിയൊരുക്കുവാനായി സ്നാപകനെ നല്കുന്ന ദൈവം മനുഷ്യകുലത്തോട് കരുണ കാട്ടുന്നു. ഓരോ മനുഷ്യവ്യക്തിയും അവന്റെ ജീവിതവും ദൈവകാരുണ്യത്തിന്റെ ഫലമാണ്. അത് തിരിച്ചറിയണം. മക്കൾ കുടുംബത്തിന് ദൈവം നല്കുന്ന മംഗള വാർത്തയാണെന്നും അവർക്കായി മാതാപിതാക്കന്മാർ സ്വജീവിതത്തെ വിശുദ്ധമാക്കണമെന്നും ഇന്നത്തെ വായനകൾ വ്യക്തമാക്കുന്നു. ലേഖനത്തിൽ സൂചിപ്പിക്കുന്നതുപോലെ ഈ ദിവ്യമായ രക്ഷാകര രഹസ്യങ്ങൾ നമ്മുടെ ബുദ്ധികൊണ്ടു മനസ്സിലാക്കാനാവുന്നവയല്ല, അവ ദൈവം വെളിപ്പെടുത്തിത്തരുന്നതാണ്. ദൈവീകമായ സന്ദേശങ്ങളെ സന്ദേഹം കൂടാതെ സ്വീകരിക്കുവാൻ നമുക്ക് കഴിയട്ടെ. അവിടുന്ന് നമുക്ക് വചനത്തിലൂടെയും സഭയിലൂടെയും വ്യക്തികളിലൂടെയും രഹസ്യങ്ങൾ വെളിപ്പെടുത്തിത്തരുന്നത് നാം തിരിച്ചറിയണം.

ഫാ. തോമസ് പൂവത്താനികുന്നേൽ.

www.sundaypulpit.in